**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം – കളമശ്ശേരി നഗരസഭയിലെ സീനിയർ ക്ലർക്ക് ആയ ശ്രീ. വി. സി. അശോകന്റെ മുൻകാല സർവ്വീസ് പരിഗണിച്ച് ശമ്പളം പരിരക്ഷിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 2653/ 2018/ തസ്വഭവ തീയതി, തിരുവനന്തപുരം, 16.10.2018

---

പരാമർശം :

1. 13/ 04/ 1987 ലെജി.ഒ.(എം.എസ്) നം.162/ 87/ തസ്വഭവ
2. 07/ 06/ 89 ലെ ജി.ഒ.(എം.എസ്) നം. 55/ 89/തസ്വഭവ
3. 12/ 9/ 06 ലെ ജി.ഒ.(എം.എസ്) നം. 211/ 06/ തസ്വഭവ
4. നഗരകാര്യഡയറക്ടറുടെ 06.04.2018 തീയതിയിലെ ഇ 3-963/ 18 നമ്പർ കത്ത്.

**ഉത്തരവ്**

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ കളമശ്ശേരി നഗരസഭയിലെ സീനിയർ ക്ലാർക്കായ ശ്രീ. വി സി അശോകൻ 05.02.2004 തീയതിയിൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ ജോലിയിൽ ചേരുന്നതിന് മുമ്പ് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ എൽ ഡി ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ച 20.07.2002 മുതൽ 04.02.2004 വരെയുള്ള കാലയളവിലെ ആനുകൂല്യങ്ങൾ മുനിസിപ്പൽ കോമൺസർവ്വീസിൽ സംരക്ഷിച്ചു നൽകുന്നതിനായി സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം നഗരകാര്യഡയറക്ടർ ശുപാർശ ചെയ്ത് നൽകിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ സർവ്വീസിൽ നിന്ന് മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് മാറിവരുന്നവർക്ക് മുൻകാല സർവ്വീസും ശമ്പളവും സംരക്ഷിച്ചു നൽകുന്നതിന് വ്യവസ്ഥയുള്ള പരാമർശം(1) ലെ ഉത്തരവിന്റെ പ്രാബല്യം 31/ 03/ 1984 തീയതിയ്ക്കും 11/ 09/ 2006 നും മദ്ധ്യേ ആയതിനാലും ശ്രീ. വി സി അശോകൻ 05.02.2004 തീയതിയിൽ മുനിസിപ്പൽ കോമൺസർവ്വീസിൽ ജോലിയിൽ പ്രവേശിച്ചതിനാലും ടിയാൾ 20.07.2002 മുതൽ 04.02.2004 വരെ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ എൽ ഡി ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ച കാലയളവിലെ സർവ്വീസ് മുനിസിപ്പൽ കോമൺ സർവ്വീസിൽ ശമ്പള നിർണയത്തിന് പരിഗണിയ്ക്കുന്നതിന് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ്.മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

( ശ്രീ. വി സി അശോകന്റെ സേവനപുസ്തകവും ഉൾപ്പെടെ)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, കളമശ്ശേരി നഗരസഭ.

ശ്രീ. വി സി അശോകൻ, സീനിയർ ക്ലാർക്ക്, കളമശ്ശേരി നഗരസഭ.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻഓഫീസർ